64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 944 Participant Code: 024

# നവോത്ഥാനം ചുരണ്ട കേരളമണ്ണ്

## കേരളീയ നവോത്ഥാനവും മാനവികതയും

“ഭാരതമെന്ന് കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം, കേരളം എന്ന് കേട്ടാലോ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ”

എന്ന് വള്ളത്തോൾ പാടിയത് വെറുതയല്ല. ഇന്ന് ലോകശ്രദ്ധ നേടിയിട്ടുള്ള ~~രാജ്യമായി ഇന്ത്യ~~ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെങ്കിൽ അത് കേരള നവോത്ഥാന നായകന്മാരുടെ ഉറ്റ പ്രയത്നത്തിന്റെ ഫലമായിട്ടാണ്. കേരള നവോത്ഥാനം എന്നത് വെറും വാക്കല്ല, ഒത്തൊരുമയുടെയും രക്തക്കറകളും നായകന്മാരുടെ വീര്യവും അടിഞ്ഞു കൂടിയ ഒന്നാണ്. ഇന്ന് 'കേരള മോഡൽ' അന്താരാഷ്ട്ര തലത്തിൽ ചർച്ചചെയ്യുന്ന പ്രധാന വിഷയമാണ്. കേരളം ഇന്ന് സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് എത്തി ചേർന്നിട്ടുണ്ടെങ്കിൽ അത് വലിയൊരു നവോത്ഥാന വീര്യത്തിന്റെ ഫലമാണ്. ആധുനിക ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും വിദ്യാഭ്യാസം അവസരമാകാത്ത സന്ദർഭത്തിലാണ് കേരളം ഒന്നാം സ്ഥാനത്തുള്ളത്. ബ്രിട്ടീഷാനന്തര ഇന്ത്യയ്ക്ക് മുൻപായി തന്നെ കേരളത്തിൽ ജാതിക്കോമരങ്ങളുടെ വൻകാടുതന്നെയുണ്ടായിരുന്നു. അന്ന് തുടങ്ങിയതാണ് കേരളത്തിലെ നവോത്ഥാനം.

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ
തിയ്യതി..................
★ പ്രോഗ്രാം കമ്മിറ്റി ★

ചാന്നാർ ലഹളയിൽ തുടങ്ങി തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും എതിരെ കേരളം പൊരുതി. അന്ന് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്ന് പ്രദേശങ്ങളിലായി നടന്നത് ഇന്ത്യപോലൊരു വൈവിധ്യമായ സംസ്കാരം നിലനിന്നിരുന്ന ഒരു രാജ്യത്ത് നടക്കാത്തതായിരുന്നു. ജാതി വിവേചനങ്ങൾക്കെതിരെ, ലിംഗാസമത്വത്തിനെതിരെ, അവകാശങ്ങൾക്കായി കേരളീയർ ചില പ്രധാന സമരമാർഗ്ഗങ്ങൾ സ്വീകരിച്ചു.

ചാന്നാറിൽ നടന്ന ലഹള വളരെയധികം വിപ്ലവകരമാണ്. ചാന്നാർ സ്ത്രീകളുടെ മാറുമറയ്ക്കലിനായി സമരങ്ങൾ ആരംഭിച്ചു. എന്നാൽ ജാതീയതയുടെ ഇരയായവർ ക്രിസ്ത്യൻ മതം സ്വീകരിക്കുകയുണ്ടായി. അവിടെ അവർക്ക് മേൽവസ്ത്രം ധരിക്കാനുള്ള അവകാശം ലഭിക്കുകയും പിന്നീട് സംഭവം വിപ്ലവകരമായ രാജപ്രഖ്യാപനത്തിൽ എത്തിച്ചേരുകയും ചെയ്തു. വസ്ത്രങ്ങൾക്കു മുകളിലുള്ള എല്ലാ നിയന്ത്രണങ്ങളും ഗവൺമെന്റ് ഒഴിവാക്കി. 'മുലക്കരം' നൽകിയിരുന്ന കേരളത്തിലാണ് ഈ പ്രഖ്യാപനം നടന്നത് എന്നതാണ് വിപ്ലവകരം. 'കേരള നവോത്ഥാന നായകനായ ശ്രീ നാരായണ ഗുരു തന്റെ നവോത്ഥാന

ആശയങ്ങൾ മുന്നോട്ട് വെക്കുന്നതിനുമുൻപു തന്നെ
കേരളത്തിൽ നവോത്ഥാനം ആരംഭിച്ചു കഴിഞ്ഞു.
വൈക്കം സത്യാഗ്രഹത്തിന്റെ തുടർക്കഥയാക്ക്ച
ക്ഷേത്ര പ്രവേശന വിളമ്പരം. ഗുരുവായൂർ സത്യാഗ്ര-
ഹത്തിന്റെ പരാജയപ്പെട്ടുപോയ വിജയമാണ്.
സവർണ്ണ ജാഥ, പാലിയം സത്യാഗ്രഹം എന്നിവ
താഴ്ന്ന ജാതിയിൽ പെട്ടിരുന്നവർ എന്ന് പറയപ്പെടു-
ന്നവരുടെ അവകാശ സംരക്ഷണങ്ങൾക്കുവേണ്ടിയു-
ള്ളതായിരുന്നു: ജാതീയതയിൽ അമർന്ന് ഞെരു-
ക്കിയവരുടെ ജീവിതങ്ങൾ ചങ്ങമ്പുഴയെപ്പോലുള്ള
കവികൾ തന്റെ കവിതകളിലൂടെയും സമൂഹത്തെ
അറിയിക്കുകയുണ്ടായി.

ജാതിവർണ്ണവിവേചനങ്ങൾക്ക് ഇരയായി മാറിയവ-
രിൽ മറ്റ് മതസ്ഥരുമുണ്ട്. മലബാർ കലാപങ്ങളും
തുടർന്നുണ്ടായ വാഗൺ ട്രാജഡിയുമെല്ലാം വെറും
കെട്ടുകഥകളല്ല എന്നതാണ് വാസ്തവം.

ഇന്ന് കേരളം സാക്ഷരതയിൽ ഒന്നാമതെത്തിയി-
ട്ടുണ്ടെങ്കിൽ അതിനുകാരണം പുലയ പെൺകുട്ടിയായ പഞ്ചമിയാണ്.
ഞങ്ങളുടെ കുട്ടികൾക്ക് വിദ്യ നൽകിയില്ലെങ്കിൽ
നിങ്ങളുടെ പാടത്ത് ഞങ്ങൾ കൊയ്യില്ല എന്ന്
വളരെ വ്യക്തമായും ശക്തമായും അയ്യങ്കാളി - 'പുലയരാജാവ്'

പറഞ്ഞതിനെ തുടർന്നാണ് ലോകം കണ്ട ഏറ്റവും വലിയ അത്ഭുതം കേരളത്തിൽ സംഭവിച്ചത്. കേരളത്തിൽ സമ്പൂർണ്ണ സൗജന്യ വിദ്യാഭ്യാസം ആദ്യ മന്ത്രിസഭ ഇ.എം.എസിന്റെ നേതൃത്വത്തിൽ കൊണ്ടുവന്നതും ഇന്നും അത് നിലനിൽക്കുന്നതും അയ്യൻകാളി പോലുള്ള മഹത് വ്യക്തിത്വങ്ങളുടെ പരിശ്രമഫലമായിട്ടാണ്. അദ്ദേഹം നടത്തിയ കല്ലുമാല സമരവും, വില്ലുവണ്ടി സമരങ്ങളുമെല്ലാം വലിയ പ്രാധാന്യമർഹിക്കുന്നവയാണ്.

ശ്രീനാരായണഗുരു, അയ്യങ്കാളി, വി.ടി. ഭട്ടതിരിപ്പാട്, അയ്യാവൈകുണ്ഠ സ്വാമികൾ, വക്കം അബ്ദുൾ ഖാദർ മൗലവി, വാഗ്ഭടാനന്ദൻ, എ.കെ. ഗോപാലൻ, കെ. കേളപ്പൻ, ടി.കെ. മാധവൻ, ടി. പത്മനാഭൻ, സി.കെ. കേശവൻ, തുടങ്ങി വലുതും ചെറുതുമായി ഓരോ നായകന്മാരും സമൂഹത്തിന് നൽകിയ പങ്ക് ചെറുതല്ല. കൊച്ചിൻ പ്രജാ മണ്ഡലം, കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയവ സമരകാലങ്ങളിലെ പ്രധാന സംഘങ്ങളാണ്. തുടർന്നുണ്ടായ സാധുജന പരിപാലന സംഘം, എസ്.എൻ.ഡി.പി, നായർ സർവ്വീസ് സൊസൈറ്റി തുടങ്ങിയ മറ്റു ചില സംഘങ്ങൾ ഇപ്പോളും പ്രവർത്തിക്കുന്നു. പല എഴുത്തുകാരും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നവോത്ഥാനത്തിന്റെ ഭാഗമാണ്. ആധുനിക കവിത്രയ-
വും ഗുരുവിന്റെ ശിഷ്യനുമായ കുമാരനാശാൻ,
വള്ളത്തോൾ, ചങ്ങമ്പുഴ, നിരവധി രചയിതാക്കൾ
കേരളത്തെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്.

"കേരളം ഒരു ഭ്രാന്താലയം" എന്ന് വിവേകാനന്ദൻ
പറഞ്ഞത് 'കേരള മോഡൽ' എന്ന അന്താരാഷ്ട്ര
തലത്തിലുള്ള വിഷയമായി കേരളത്തിന് മാറാൻ
സാധിച്ചത് ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം
ശിവപ്രതിഷ്ഠയിലൂടെയും കണ്ണാടിപ്രതിഷ്ഠയിലൂടെയും
അയ്യങ്കാളിയുടെ സമരമാർഗങ്ങളിലൂടെയും വക്കം അ-
ബ്ദുൾ ഖാദർ മൗലവിയുടെ സ്ത്രീ ശാക്തീകരണ
പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും
ഗാന്ധിജി "ആധുനിക ലോകത്തെ മഹാവിസ്മയം"
എന്ന് വിശേഷിപ്പിച്ച ക്ഷേത്രപ്രവേശന വിളമ്പരണ
ത്തിലൂടെയും മറ്റ് ചെറുതും വലുതുമായ സമരമുറ
കളുടെ ഫലമായിട്ടാണ്.

കേരള നവോത്ഥാനം എന്നത് ഒരു പ്രത്യേക
കാലഘട്ടത്തിന്റെ വാക്കല്ല. ഇന്നും നിലനിൽക്കുന്ന
ജീവിതരീതികളുടെയും സംസ്കാരത്തിന്റെയും
പ്രാചീന രൂപമാണത്. ഒരുപാട് നീണ്ട കാലത്തിന്റെ
ഫലമാണിന്ന് കേരളത്തിൽ കാണപ്പെടുന്ന സംസ്-

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ
തീയതി....................
പ്രോഗ്രാം കമ്മിറ്റി

ക്കാരം. ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധയിൽ പെടുന്ന കേരളം അതിന്റെ യശസ്സുയർത്തി തന്നെ നിൽക്കുവാനുള്ള കാരണം നവോത്ഥാനം തന്നെ ആണ്. ഈ നീണ്ട കാലഘട്ടം കേരളീയരുടെ ഉള്ളിൽ സാഹോദര്യവും സ്നേഹവും പരസ്പരവിശ്വാസവും മാനവികയും വളർത്തി. ഈ ഗുണങ്ങൾ കേരളീയരുടെ ഉള്ളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നതിന്റെ ഉദാഹരണങ്ങളാണ് കഴിഞ്ഞ് കുറച്ച് വർഷങ്ങളായി കാണാൻ സാധിച്ചത്. 2018 ലെ പ്രളയത്തിലും ലോകരാഷ്ട്രങ്ങൾ വരെ ഭയപ്പെട്ട 2020 ലെ കോവിഡ് കാലത്തും കേരളം അതിന്റെ പൂർവികന്മാർ പറഞ്ഞു തന്ന പാഠങ്ങളൊന്നും മറന്നിട്ടില്ല എന്ന് ലോകത്തെ കാണിച്ചു കൊടുത്തു. അതാണ് 'കേരള മോഡൽ'. ഈ നവോത്ഥാനത്തിന്റെ ഭാഗമായുള്ള മാനവികത ആണ് ഇപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്നതുപോലുള്ള മതത്തിന്റെ പേരിലുള്ള സംഘർഷങ്ങൾ ഇല്ലാത്തതിന്റെ പ്രധാന കാരണം.

നവോത്ഥാനത്തിന്റെ അടിസ്ഥാനം മാനവികത ആണ്. മനുഷ്യത്വപരമായി വിവേകബുദ്ധിയോടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ കേരളീയർക്ക് അറിയാം. അവർക്കാ കഴിവു തന്നത് പ്രിയ നായകന്മാർ

തന്നെയാണ്. ഇങ്ങനെ പറയുമ്പോഴും കേരളത്തി-
ന്റെ മനുഷ്യത്വം എവിടെയെല്ലാമോ കുറയുന്നതായി
കാണാം. ജാതീയത നീക്കുന്നതിനായി നായക-
ന്മാർ നടത്തിയ പരിശ്രമങ്ങൾ വെറുതെ ആയി
പോയോ എന്ന് നമ്മെ ചിന്തിപ്പിക്കുന്ന സന്ദർഭങ്ങൾ
ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നതിന്റെ ഉദാഹ-
രണമാണ് മധുവും, ഈയിടെ മർദ്ദിക്കപ്പെട്ട മറ്റൊരു
ആദിവാസി യുവാവും. സ്വകാര്യമായി ഇപ്പോഴും ഇവർ-
ക്കെതിരെ അതിക്രമങ്ങൾ നിലനിൽക്കുന്നുണ്ട്
എന്നത് മറയ്ക്കാനാവാത്ത വാസ്തവമാണ്. ഒരിക്കൽ
സ്ത്രീകളുടെ മാറ് മറയ്ക്കുന്നതിനായി സമരം ചെയ്ത
പുരുഷന്മാർ ഇന്ന് അവരുടെ മാറ് പിച്ചി ചീന്തുന്നു
എന്നത് ചോരപുരണ്ട സത്യമാണ്. വിദ്യാഭ്യാസത്തി-
നായി സമരം നടത്തിയിരുന്നെങ്കിൽ ഇന്ന് വിദ്യ
അഭ്യസിച്ചവർ ഭൂരിഭാഗവും വിദ്യാഭ്യാസത്തിന്റെ നില-
വാരമില്ലാത്തവരായി മാറുന്നു എന്നത് ഉയർന്ന്
വരുന്ന ലഹരി ഉപയോഗങ്ങളും ക്രൈംറേറ്റുകളും
പരിശോധിച്ചാൽ മനസിലാകും.

വലിയൊരു പോരാട്ടങ്ങളുടെ ശൃംഖലയാണ് നാം
ഇന്ന് കാണുന്ന കേരളം. അതിനെ അതിന്റെ
മഹിമയോടുകൂടി ആദർശ മൂല്യങ്ങളിലൊന്നും തന്നെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മാറ്റം വരാതെ അതേ മാനവികതയും മൂല്യങ്ങളും പുതു തലമുറയ്ക്കും കൂടി പകർന്നു നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. കേരള നവോത്ഥാനം എന്നത് ഒന്നോ രണ്ടോ വാക്കുകൾ കൊണ്ടോ കുറച്ച് നേതാക്കന്മാരെ കുറിച്ചോ പറഞ്ഞാൽ തീരുന്നതല്ല. ഒരു നൂറ്റാണ്ടിന്റെ പോരാട്ട വീര്യ ചരിത്രമാണ്. പോരാളികൾ ഓരോ കേരളീയനും. നവോത്ഥാനമെന്നത് നമ്മുടെ മണ്ണിന്റെ ചരിത്രമാണ്, നമ്മുടെ സംസ്കാരമാണ്. മാനവികതയെ ചേർത്ത് പിടിച്ച ഓരോ മലയാളിയുടെയും, മനുഷ്യന്റെയും ചരിത്രം ആണ് കേരള നവോത്ഥാനം.

---